# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER **26** | **2021** |



## ശബരിമല പത്രക്കുറിപ്പ്


ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2021@gmail.com


---

### ശബരിമലയിലെ നാളത്തെ (27.11.2021) ചടങ്ങുകൾ

.........................................................................................................

പുലർച്ചെ 3.30 ന് പള്ളി ഉണർത്തൽ
4 മണിക്ക്.... തിരുനട തുറക്കൽ
4.05 ന്..... അഭിഷേകം
4.30 ന് ...ഗണപതി ഹോമം
5 മണി മുതൽ 7 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
9 മണിക്ക് ....അത്താഴപൂജ
9.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 10 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

(പി.ആർ. ശബരി-61)

## ശബരിമല തീർഥാടനം: 24 മണിക്കൂറും സേവനം ഉറപ്പാക്കി കെഎസ്ഇബി

ശബരിമല തീർഥാടന കാലത്ത് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ 24 മണിക്കൂറും സേവനം ഉറപ്പാക്കി കെഎസ്ഇബി. സന്നിധാനത്ത് ത്രിവേണി സബ് സ്റ്റേഷനിൽ നിന്ന് മൂന്ന് 11 കെവി ഫീഡർ വഴിയാണ് വൈദ്യുതി വിതരണം നടത്തുന്നത്. തീർഥാടന കാലം തുടങ്ങുന്നതിന് മുമ്പ് തന്നെ ലൈനുകളുടെ അറ്റകുറ്റപണികളും ലൈറ്റ് ക്രമീകരണങ്ങളും പൂർത്തിയാക്കി.

സന്നിധാനത്ത് എല്ലാ ലൈനുകളും ഏരിയൽ ബഞ്ച് ക കൂർ സംവിധാനം വഴി സുരക്ഷിതമാക്കി. ഇൻസുലേറ്റഡ് ക കൂർ സംവിധാനമാണ് ലൈനിൽ ഉപയോഗിച്ചിരിക്കുന്നത്. സന്നിധാനത്തും, പമ്പയിലും 12 ജീവനക്കാർ വീതവും, നിലയ്ക്കലിൽ എട്ട് പേരും അടങ്ങുന്ന സംഘമാണ് വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നത്. ശബരിമലയിലെയും പരിസരത്തെയും കെഎസ്ഇബിയുടെ സേവനങ്ങൾക്ക് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വി.എൻ. പ്രസാദ് നേതൃത്വം നൽകുന്നു.

വിപരീത കാലാവസ്ഥയിലും ശബരിമലയിൽ എത്തുന്ന എല്ലാവർക്കും കെഎസ്ഇബി സേവനം ഉറപ്പാക്കിയിട്ടു ്. കഴിഞ്ഞ ദിവസങ്ങളിലു ായ കനത്ത മഴയിലും കാറ്റിലും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്തുത്യർഹമായ സേവനമാണ് ജീവനക്കാർ നടത്തിയത്. സന്നിധാനത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ വേ ക്രമീകരണങ്ങൾ ഒരുക്കിയിട്ടു ്. രാത്രിയിൽ വൈദ്യുതി ലൈറ്റുകൾ തകരാറിലാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധ നൽകിയുള്ള പരിശോധനകൾ ജീവനക്കാരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. നിലയ്ക്കലിൽ വൈദ്യുതി ഉറപ്പാക്കാൻ സബ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സംഘം ക്യാമ്പ് ചെയ്തുവരുന്നു. മാതൃകാപരമായ സേവനമാണ് കെഎസ്സിബി ജീവനക്കാർ നടത്തിവരുന്നതെന്ന് ശബരിമല എഡിഎം അർജുൻ പാണ്ഡ്യൻ പറഞ്ഞു.

*ഫോട്ടോ അടിക്കുറിപ്പ്: കെ.എസ്.ഇ.ബി വർക്ക്-* സന്നിധാനത്ത് സേവനം ചെയ്യുന്ന കെഎസ്ഇബി ജീവനക്കാർ.

(പി.ആർ. ശബരി-62)

## തീർഥാടകർക്കായി നിലയ്ക്കലും പമ്പയിലും കൂടുതൽ ശുചിമുറി സൗകര്യം ഒരുക്കി

നിലയ്ക്കലും പമ്പയിലും കൂടുതൽ ശുചിമുറികൾ തീർഥാടകർക്കായി തുറന്നു കൊടുത്തതായി ശബരിമല എഡിഎം അർജുൻ പാണ്ഡ്യൻ അറിയിച്ചു. നിലയ്ക്കലിൽ തീർഥാടകർക്കായി ഒരുക്കിയിരുന്ന 360 ശുചിമുറികൾക്കു പുറമേ വെള്ളിയാഴ്ച ര ു ബ്ലോക്കുകളിലായുള്ള 80 ടോയ്‌ലറ്റുകളാണ് തുറന്ന് കൊടുത്തത്. തമിഴ്നാട് ബസുകൾ പാർക്ക് ചെയ്യുന്ന സ്ഥലത്തിന് സമീപമുള്ള ശുചിമുറികളാണ് തുറന്ന് കൊടുത്തത്.

നിലയ്ക്കലിൽതീർഥാടകർ വർധിക്കുന്നതിന് അനുസരിച്ച് കൂടുതൽ ശുചിമുറികൾ തുറന്ന് കൊടുക്കും.

പമ്പയിൽ 88 ശുചിമുറികളുള്ള ബ്ലോക്ക് വെള്ളിയാഴ്ച തുറന്നു കൊടുത്തു. ഇതോടെ പമ്പയിൽ ബയോടോയ്‌ലറ്റ് ഉൾപ്പെടെ 250 എണ്ണം തുറന്ന് കൊടുത്തു. പമ്പയിൽ നിലവിലുള്ള കൂടുതൽ ടോയ്‌ലറ്റുകൾ ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് ശുചീകരിച്ചു. സന്നിധാനത്ത് 575 ശുചിമുറികൾ സജ്ജമായിട്ടു ്. പമ്പയിൽ തിരക്ക് വർധിക്കുന്നതിന് അനുസരിച്ച് കൂടുതൽ ശുചിമുറികൾ തുറന്ന് കൊടുക്കുമെന്നും
ശബരിമല എഡിഎം പറഞ്ഞു.

(പി.ആർ. ശബരി-63)

